# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3751

## (21.06.2018 ലെ മറുപടിക്ക്)

**തലശ്ശേരി മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ**

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എം.എൻ.ഷംസീർ<br>(ബഹു. എം.എൽ.എ) | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | 2015-16, 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഈ മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ; | 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രകാരം പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെയും കെട്ടിടവിഭാഗത്തിന്റെയും കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയുടെ തൽസ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ശേഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ കീഴിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) അറിയിച്ചിട്ടുണ്ട്. ആയത് ഭരണവകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | | തൽസ്ഥിതി |
|---|---|---|---|---|
| | | ഉത്തരവ് നമ്പരും തീയതിയും | തുക ലക്ഷത്തിൽ | |
| **2015-16** | | | | |
| 1 | കണ്ണൂർ ജില്ലയിലെ ന്യൂമാഹി പഞ്ചായത്തിലെ മാഹി ബൈപ്പാസ് റോഡ് 2/460 കി.മീ മുതൽ 3/710 കി.മീ വരെ അഭിവൃദ്ധിപ്പെടുത്തൽ | G.O.(Rt) No.1930/2015/PWD dated 22.12.2015 | 190 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | കണ്ണൂർ ജില്ലയിലെ തലശ്ശേരി-ഇരിക്കൂർ റോഡ് 0/300 കി.മീ മുതൽ 3/300 കി.മീ വരെ അഭിവൃദ്ധിപ്പെടുത്തൽ | G.O.(Rt) No.1930/2015/PWD dated 22.12.2015 | 360 | പ്രവൃത്തി പൂർത്തീകരിച്ചു |
| **2016-17** | | | | |
| 1 | ചോനാടം-കണ്ടുചിറ 0/000 കി.മീ മുതൽ 2/000 കി.മീ വരെ അഭിവൃദ്ധിപ്പെടുത്തൽ | G.O.(Rt) No.179/2017/PWD dated 14.02.2017 | 190 | ക്രോസ് ഡ്രെയിനേജ് (CD works) പുരോഗമിക്കുന്നു |
| 2 | പാറാൽ-പുന്നോൽ 0/000 കി.മീ മുതൽ 2/530 കി.മീ വരെ അഭിവൃദ്ധിപ്പെടുത്തൽ | G.O.(Ms) No.18/2017/PWD dated 16.03.2017 | 235 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | കതിരൂർ-നാദാപുരം 0/000 കി.മീ മുതൽ 3/800 കി.മീ വരെ ബി.എം. & ബി.സി ചെയ്ത് അഭിവൃദ്ധിപ്പെടുത്തൽ | G.O.(Ms) No. 18/2017/PWD dated 16.03.2017 | 280 | 1.5 കി.മീ വരെ ബി.എം. പൂർത്തീകരിച്ചിട്ടുണ്ട് |

**പൊതുമരാമത്ത് കെട്ടിട വിഭാഗം**

<u>2015-16</u>

1) തലശ്ശേരി ജനറൽ ആശുപത്രി സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മാണം - സ്ഥലം ലഭ്യമായിട്ടില്ല.
2) തലശ്ശേരിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണം Phase 2 – സ്ഥലം ലഭ്യമായിട്ടില്ല.
3) തലശ്ശേരി ജനറൽ ആശുപത്രി നവീകരണം - പ്രവൃത്തി പൂർത്തീകരിച്ചു.
4) ന്യൂ മാഹി പി.എച്ച്.സി കെട്ടിടനിർമ്മാണം - പ്രവൃത്തി പൂർത്തീകരിച്ചു.
5) കതിരൂർ ആയുർവേദ ഡിസ്പെൻസറി - പ്രവൃത്തി പൂർത്തീകരിച്ചു.

<u>2016-17</u>

1) ചൊക്ലി സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം - ഭരണാനുമതി ലഭിച്ചിട്ടില്ല
2) തിരുവങ്ങാട് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണം - ഭരണാനുമതി ലഭിച്ചിട്ടില്ല
3) തലശ്ശേരി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം (2017-18 ബഡ്ജറ്റ് വർഷം) കിഫ്ബിയിൽ ഉൾപ്പെടുത്തി - ഭരണാനുമതി ലഭിച്ചിട്ടുണ്ട്.